# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2148 — 06.10.2016-ൽ മറുപടിക്ക്

## സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യുന്ന വസ്തുക്കൾ

**ചോദ്യം**

**ശ്രീ.ബി.സത്യൻ**

**ഉത്തരം**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) രജിസ്ട്രേഷൻ ഐ.ജി.യുടെ 01.03.2016-ലെ ഐ.റ്റി.3/30120/10 നമ്പറിലുള്ളതും 31.05.2016-ലെ 22-ാം നമ്പർ ഗസറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യാമെന്ന ഉത്തരവ് വന്നതിനു ശേഷം, ആധാരമെഴുത്ത് മേഖലയിൽ ജോലി ചെയ്യുന്നവരുടെ ആശങ്ക പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

എ) ആധാരമെഴുത്ത് മേഖലയിൽ ജോലി ചെയ്യുന്നവരുടെ തൊഴിലിനെ പ്രതികൂലമായി ബാധിക്കാത്തവിധമാണ് സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യാനുള്ള അവകാശം പൊതുജനങ്ങൾക്ക് നൽകിയിട്ടുള്ളത്. നിലവിൽ ആധാരമെഴുത്തുകാർ തന്നെ പൊതുജനങ്ങൾക്കു വേണ്ടി ടോക്കൺ എടുക്കാനും ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാനും വേണ്ടുന്ന സേവനങ്ങൾ ചെയ്തു വരുന്നു. ഈ സേവനങ്ങൾക്ക് അനുസൃതമായ സർവ്വീസ് ചാർജ്ജും ഈടാക്കിക്കൊണ്ടാണ് ഇത്തരം സേവനങ്ങൾ നൽകി വരുന്നത്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനിക വൽക്കരണ നടപടികളിൽ ആധാരമെഴുത്തുകാർ സജീവ പങ്കാളിത്തം വഹിക്കുകയും ചെയ്യുന്നു. അതിനാൽ, ആധാരമെഴുത്ത് ലൈസൻസികൾക്ക് തൊഴിൽ സംബന്ധമായ ആശങ്കകൾ ഉണ്ടാകേണ്ടുന്ന സാഹചര്യമില്ല.

| | |
|---|---|
| ബി) സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യുന്ന വസ്തുക്കൾ ഈടായി സ്വീകരിച്ച് വായ്പ നൽകുന്നതിന് ബാങ്കുകൾ വിസമ്മതിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) സ്വയം തയ്യാറാക്കി എന്ന കാരണത്താൽ വായ്പ നിഷേധിച്ചിട്ടുള്ളതായ യാതൊരു പരാതിയും നാളിതുവരെ പൊതുജനങ്ങളിൽ നിന്ന് വകുപ്പിന് ലഭിച്ചിട്ടില്ല. |
| സി) ഇപ്രകാരമുള്ള ആധാരങ്ങളുടെ റവന്യൂ രജിസ്ട്രേഷൻ സംബന്ധമായുള്ള നിയമ സൂക്ഷ്മ പരിശോധന ദുർഘടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) പ്രസ്തുത ഗസറ്റ് വിജ്ഞാപനം പുന: പരിശോധിക്കുന്നതിനോ റദ്ദാക്കുന്നതിനോ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) തീരുമാനം ഒന്നും പുതിയതായി എടുത്തിട്ടില്ല. ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**